കേരളസർവകലാശാല

നം.പി.ആർ.220/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാംവർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2020
### രണ്ടാം അലോട്ട്മെന്റ് നവംബർ 10 ന്
### കോളേജ് പ്രവേശനം 12.11.2020 മുതൽ 18.11.2020 വരെ

ഒന്നാംവർഷ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. ഒന്നാം അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടച്ചിട്ടില്ലാത്തവർ രണ്ടാം അലോട്ട്മെന്റിൽ ഉൾപ്പെടുന്നതല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടയ്ക്കണം. ഒന്ന്, രണ്ട് ഘട്ട അലോട്ട്മന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ടമെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നവംബർ 12 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്ത് തന്നെ കോളേജിൽ ഹാജരാകണം. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നവംബർ 18 ന് മുൻപായി കോളേജിൽ പ്രവേശനം നേടിയില്ല എങ്കിൽ അവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല.

മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി താൽക്കാലിക (Temporary/Provisional) അഡ്മിഷനുള്ള അവസരം ഇത്തവണ നടപ്പാക്കിയിട്ടുണ്ട്. മൂന്നാമത്തെ അലോട്ട്മെന്റ് വരെയാണ് വിദ്യാർത്ഥികൾക്ക് ഇത് ലഭ്യമാവുന്നത്. രണ്ടാം അലോട്ട്മെന്റിലും മൂന്നാം അലോട്ട്മെന്റിലും അഡ്മിഷൻ ലഭിക്കുന്നവർക്ക് ആവശ്യമെങ്കിൽ സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച രസീത്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. Temporary Admission എടുക്കുന്ന വിദ്യാർത്ഥി കോളേജിൽ ഒടുക്കേണ്ട ഫീസുകൾ നൽകേണ്ട ആവശ്യമില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. കോളേജ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് (Temporary Admission/PermanentAdmission) തെരഞ്ഞെടുക്കാവുന്നതാണ്. മൂന്നാമത്തെ അലോട്ട്മെന്റ് വരെ മാത്രമേ ഈ സൗകര്യം ലഭ്യമാവുകയുള്ളൂ. നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചാൽ മൂന്നാം അലോട്ട്മെന്റ് വരെ താൽക്കാലിക അഡ്മിഷൻ എടുത്തു നിൽക്കുന്ന എല്ലാവരും അലോട്ട്മെന്റിൽ മാറ്റം ഇല്ലെങ്കിൽ പോലും കോളേജിൽ ഹാജരായി കോളേജിലെ ആവശ്യമായ ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. താൽക്കാലിക അഡ്മിഷൻ എടുക്കാത്തവർക്ക് താൽപര്യമുണ്ടെങ്കിൽ നാലാം അലോട്ട്മെന്റിനു മുൻപ് എപ്പോൾ വേണമെങ്കിലും ഫീസ് അടച്ച് Permanent Admission എടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാംവർഷ ബിരുദ പ്രവേശനം 2020
## Permanent അഡ്മിഷൻ എടുക്കുന്നതിനുള്ള അവസാന തീയതി നവംബർ 11

കേരളസർവകലാശാല ഒന്നാംവർഷ ബിരുദ പ്രവേശനത്തിനായുള്ള രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്ത് നിൽക്കുന്നവർ നാലാം അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം Temporary അഡ്മിഷൻ എടുത്തവർക്ക് Permanent അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി നവംബർ 11 ആണ്. അതിനുള്ളിൽ Permanent അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ ക്യാൻസൽ ആവുന്നതും അവർ അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താവുന്നതും ആ സീറ്റുകൾ ഒഴിവുകളായി പരിഗണിച്ച് അടുത്ത അലോട്ട്മെന്റിൽ നികത്തുന്നതുമാണ്.

Permanent അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാംവർഷ ബിരുദ പ്രവേശനം 2020
## അലോട്ട്മെന്റിൽ നിന്നും പുറത്തായവർക്ക് അടുത്ത അലോട്ട്മെന്റിൽ പങ്കെടുക്കാൻ അവസരം

ഒന്നാം വർഷ ബിരുദ പ്രവേശനത്തിനോടനുബന്ധിച്ച് ഫീസ് അടയ്ക്കാതെ അലോട്ട്മെന്റിന് പുറത്തായവർ, കോളേജുകളിൽ നിന്നും ടി.സി. എടുത്തതുമൂലം അലോട്ട്മെന്റിൽ നിന്നും പുറത്തായവർ, യഥാസമയം അഡ്മിഷൻ എടുക്കാൻ കഴിയാതെ പോയവർ എന്നിവർക്ക് അടുത്ത അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നു. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഇതിനായുള്ള അപേക്ഷകൾ onlineadmission@keralauniversity.ac.in എന്ന ഇ–മെയിലിൽ നവംബർ 12 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ വിദ്യാർത്ഥിയുടെ അപ്ലിക്കേഷൻ നമ്പർ നിർബന്ധമായും നൽകേണ്ടതാണ്.

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫീസ് – തീയതി നീട്ടി

**ഡിസംബർ 7 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ അപേക്ഷിക്കാനുള്ള തീയതി നവംബർ 16 വരെ നീട്ടിയിരിക്കുന്നു.**

## പ്രാക്ടിക്കൽ

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്.സി. ഇലക്ട്രാണിക്സ് കോഴ്സിന്റെ പ്രാക്ടിക്കൽ നവംബർ 17 മുതൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (കരിയർ റിലേറ്റഡ്) – 2 b ബി.കോം.കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 19 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

2021 ജനുവരിയിൽ നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) (വിദൂരവിദ്യാഭ്യാസം) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.ടെക്. (2008സ്കീം) ഒക്ടോബർ 2020, പരീക്ഷ നവംബർ 17 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 നവംബറിൽ നടക്കുന്ന റെഗുലർ ബി.ടെക്. മൂന്നാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടം ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.സി.എ. എന്നീ ഡിഗ്രി കോഴ്സുകളുടെ (2019 അഡ്മിഷൻ റെഗുലർ, 2018 – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2014 – 2017 സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ഗ്രൂപ്പ് 2 (a) ഒന്നാം സെമസ്റ്റർ ബി.എസ്.സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328) പ്രോഗ്രാമിന്റെ (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്, 2017, 2016, 2015, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ (സി.ആർ.സി.ബി.സി.എസ്.എസ്.) ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ – (2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2014, 2015, 2016, 2017 അഡ്മിഷൻ – സപ്ലിമെന്ററി) 138 2 (b) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഫെബ്രുവരി 2020 (സപ്ലിമെന്ററി) പരീക്ഷയുടെ മെക്കാനിക്കൽ സ്ട്രീം – പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ച് ഒഴികെയുള്ള ബ്രാഞ്ചുകളുടെ പരീക്ഷാഫലം നവംബർ 9 നും പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പരീക്ഷാഫലം നവംബർ 11 നും പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈ

നായി നവംബർ 20 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് ലഭിക്കുവാൻ പരീക്ഷാർത്ഥികൾ വെബ്പോർട്ടലിൽ ലോഗിൻ ചെയ്യുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ ബി.ബി.എ. നവംബർ 2019 (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂരവിദ്യാഭ്യാസകേന്ദ്രം 2020 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് റെഗുലർ (2018 അഡ്മിഷൻ) & സപ്ലിമെന്ററി (2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി. നൽകി

മിത്ര സി.എസ്., പ്രജീഷ പി.ജെ., പ്രഷീന എസ്.എൽ., സരിത എസ്.എസ്., പെട്രീഷ്യ ജോൺ (മലയാളം), രാജി രവീന്ദ്രൻ, ബിനു എസ്. (ഇക്കണോമിക്സ്), പ്രീതി ചന്ദ്രൻ പി.ബി., സരുൺ എസ്., കോശി മത്തായി (ഹിസ്റ്ററി), കാർവലോ ഫോസ്റ്റിന സിസിലി, സ്മിത കൊച്ചുമ്മൻ, സ്വപ്ന ഒ., പ്രതിഭ ആർ.എസ്., സുബിമോൻ എസ്.എസ്. (കൊമേഴ്സ്), രമ്യ എസ്. (സംസ്കൃതം), സഹില ബീവി എം. (അറബിക്), സന്തോഷ് കുമാർ ജി. (ഫിസിക്സ്), ആശ കെ.വി. (നഴ്സിംഗ്), ആന്റോ മാത്യു, മിധു സി.കെ. (ബോട്ടണി), ചാന്ദ്നി ജി.എസ്. (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ജയശ്രീ.എം.എസ്. (ഇല്ക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), എസ്.ശ്വേത (അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്), സുഗുണ എൽ.എസ്. (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), രേഷ്മ സുരേന്ദ്രൻ (ഹിന്ദി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
10.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098